LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതയോഗ്യമല്ലാത്ത പാലങ്ങൾ.

*1619. [13] ശ്രീ. കെ. എം. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്താകെ ഇപ്പോൾ എത്ര "പാലങ്ങൾ അപകടത്തിൽ" എന്ന ബോർഡുവച്ച് പോലീസ് കാവലിട്ടിട്ടുണ്ട് ;

(ബി) മൂവാറ്റുപുഴ ടൗണിൽ തൊടുപുഴയാറിലും തൊടുപുഴ ടൗണിലെ തൊടുപുഴയാറിലും ഉള്ള പാലങ്ങൾ എത്ര മാസമായി, ഗതാഗതയോഗ്യമല്ലാതായിട്ട് പോലീസ് കാവലിട്ടിരിക്കുന്നു ;

(സി) വളരയേറെ വാഹനഗതാഗതമുള്ള ഈ രണ്ടു പാലത്തിന്റെയും കേടുപാടുകൾ ഇനിയും തീർക്കാത്തത് എന്തുകൊണ്ടാണ് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൾ മജീദ്) :

(എ) ഇപ്പോൾ ഒരു പാലത്തിലും 'അപകടം' എന്ന ബോർഡ് വച്ച് പോലീസ് കാവലിട്ടിട്ടില്ല.

(ബി) മൂവാറ്റുപുഴ പാലത്തിന്റെ പോലീസ് കാവൽ കഴിഞ്ഞ മാസം മുതൽ പിൻവലിച്ചിട്ടുണ്ട്. തൊടുപുഴ പാലത്തിന് പോലീസ് കാവൽ ഉണ്ടായിരുന്നില്ല.

(സി) ഈ പാലങ്ങളുടെ താൽക്കാലികമായ കേടുപാടുകൾ തീർത്തിട്ടുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ് : തൊടുപുഴ പാലത്തിൽ ബസ്സുകൾ കേറിയാൽ പാലം കുലുങ്ങുന്നുണ്ടെന്നു അറിയാമോ ?

ശ്രീ ടി. അബ്ദുൾ മജീദ് : ഹെവി ലോഡഡ് വെഹിക്കിൾസ് കേറാൻ പാടില്ലെന്നാണ് വ്യവസ്ഥ.

ശ്രീ. ടി. ഒ. ബാവ : മൂവാറ്റുപുഴ പാലത്തിൽക്കൂടി ലോറിയിൽ ചരക്കുകൾ കടത്തുന്നതിനും അവിടെ കാവൽ ഇട്ടിരിക്കുന്ന പോലീസുകാർ 5 രൂപ വീതം ഈടാക്കിവരുന്നതു് സർക്കാരിലേക്ക് കിട്ടുന്നുണ്ടോ ?

ശ്രീ. ടി. അബ്ദുൾ മജീദ് : അങ്ങനെ രൂപ പിരിക്കുന്നുണ്ടോ എന്നു് അന്വേഷിച്ചു പറയാൻ സാധിക്കയുള്ളൂ.

ശ്രീ. സി. എ. മാത്യു : അയ്യായിരത്തിൽപ്പരം രൂപ ചെലവാക്കി അറ്റകുറ്റപ്പണികൾ ചെയ്തു തുക വെറുതേ കളയുകയായിരുന്നു. പാലം ശരിയായി പണിയുന്നതിനുള്ള എസ്റ്റിമേറ്റ് വന്നിട്ടു് ഇങ്ങനെ പണം വെറുതേ കളയുന്നതിനു് നിരുത്തരവാദപരമായി മന്ത്രി അനുവദിച്ചതെന്തുകൊണ്ടാണ് ?

ശ്രീ. ടി. അബ്ദുൾ മജീദ് : എസ്റ്റിമേറ്റ് വന്നാലുടൻ പാലം പണിയാൻ ഒക്കുകയില്ല. കമ്മിറ്റിയോടു് ആലോചിച്ചു ചെയ്യാൻ പറ്റും. അതുപോലെതന്നെ അറ്റകുറ്റപ്പണികൾ നടത്തുന്നതു് പണം വെറുതേ കളയുകയല്ല.

ശ്രീമതി കുസുമം ജോസഫ് : സർ, ഞാൻ ഇതേ സെഷനിൽത്തന്നെ ഇതേ ചോദ്യം അയച്ചിരുന്നു. ആ ചോദ്യത്തിലെ (എ) ഭാഗം എടുത്തുകളഞ്ഞിട്ടു ബാക്കിയുള്ളതു് അൺസ്റ്റാർഡിൽ പെടുത്തിയിരിക്കുകയാണ്. അതേ ചോദ്യംതന്നെ ശ്രീ. കെ. എം. ജോർജ്ജ് അയച്ചതു് മുഴുവനേ സ്റ്റാർഡിൽ പെടുത്തിയതെന്താണ് ?

മി. സ്പീക്കർ : ഇങ്ങനെയുള്ള പരാതിയുണ്ടെങ്കിൽ ലെജിസ്ലേറ്റീവ് സെക്രട്ടേറിയറ്റിൽ അന്വേഷിച്ചാൽ മറുപടി കിട്ടുമെന്നു് ഞാൻ മുമ്പുതന്നെ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. കെ. എം. ജാർജ്ജ് : പാലം ഇപ്പോഴും അപകടത്തിലാണെന്നും വ്യംഗ്യസ്ഥാരണ സമ്മതിച്ചിരിക്കേ ലാറിയും ബസ്സുകളും അതിൽക്കൂടി കടത്താതിരിക്കാൻ ഉത്തരവു കൊടുക്കുമോ ?

ശ്രീ. അബ്ദുറഹിമാൻ : അതിനെപ്പറ്റി അന്വേഷിച്ചു വേണ്ടതു ചെയ്യാം.

ജീവാപായം നടത്താൻ ശ്രമിച്ചവരുടെ പേരിലുള്ള പരാതികൾ.

*1620. [15] ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കുന്നത്തുനാട് വില്ലേജിൽ ശ്രീ. കെ. എ. ജാർജ്ജ് എന്ന ഹൈസ്കൂൾ അദ്ധ്യാപകനെ വധിക്കാനായി ഒരു ശ്രമം 1959 ഏപ്രിൽ 16-ാം തീയതി പള്ളിക്കരവച്ചു നടന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുടർന്നു പല ദിവസങ്ങളിലും ഈ അക്രമത്തിനു് ഒരുമ്പെട്ടുകൊണ്ടു് ചിലർ അദ്ദേഹത്തെ കാത്തിരിക്കുന്നതായി സർക്കാരിനു പരാതി കിട്ടിയോ ;

(സി) പള്ളിക്കരതന്നെ 21-4-1959-ൽ യാക്കോബു എന്ന ഒരു കാൺ ട്രസ്സു് പ്രവർത്തകനെയും പിതാവിനെയും ആക്രമിക്കാൻ ഒരുമ്പെട്ടതായി ഒരു പരാതിയുണ്ടായിട്ടുണ്ടോ ;

(ഡി) 1959 ഏപ്രിൽ 22-ാം തീയതി രാത്രി ഔസേപ്പു്, കുഞ്ഞവറുദീസു് എന്നിവരെ അക്രമികൾ കയ്യേറ്റം ചെയ്തുകയും, വറുദീസിനെയും അദ്ദേഹത്തിന്റെ പിതാവിനെയും കുത്തുകയും അടിക്കുകയും ചെയ്തതായി ഒരു പരാതിയുണ്ടായിട്ടുണ്ടോ ;

(ഇ) ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചോ ;

(എഫ്) ഇതിനു പോലീസ് എന്തെല്ലാം നടപടി എടുത്തു ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) ഉവ്വു്.
(ബി) ഇല്ല.
(സി) ഉണ്ടു്.
(ഡി) ഉണ്ടു്.
(ഇ) ഉവ്വു്. രണ്ടുപേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

(എഫ്) കേസുകൾ രജിസ്റ്റർ ചെയ്യുകയും സമാധാന ലംഘനം ഉണ്ടാകാതിരിക്കാൻ വേണ്ട നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ടെന്നാണു് അറിയുന്നതു്.

ശ്രീ. ടി. ഒ. ബാവ : ഈ അക്രമികളുടെ പേരിൽ കാര്യക്ഷമമായിയാതൊരു നടപടിയും എടുക്കാത്തതുകൊണ്ടു് അവർ ഇപ്പോഴും അക്രമപ്രേരിതരായി നടക്കുകയാണെന്നു ഗവണ്മെൻറു മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇല്ല. ബഹുമാനപ്പെട്ട മെമ്പർ പറയുന്നതനുസരിച്ചു് അതിനെപ്പറ്റി അന്വേഷിച്ചു് വേണ്ട നടപടി എടുക്കാം.

ശ്രീ. ടി. ഒ. ബാവ : കെ. എ. ജാർജ്ജ് എന്ന അദ്ധ്യാപകനെ മുമ്പൊരവസരത്തിൽ ഈ അക്രമികൾ അടിച്ചു് പരുക്കേൽപ്പിച്ചുവെന്നും അതിനു് അവരെ ശിക്ഷിച്ചിട്ടുണ്ടെന്നും ഗവണ്മെൻറിനറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly